പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 3516 — 20.06.2018 ൽ മറുപടിയ്ക്ക്

## വിചാരണത്തടവുകാരിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർ

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ ജയിലുകളിലെ വിചാരണത്തടവുകാരിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കണക്കുകൾ വെളിപ്പെടുത്തുമോ ; | (എ) | സംസ്ഥാനത്തെ വിവിധ ജയിലുകളിലെ വിചാരണത്തടവുകാരിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർ 215 പേർ ഉണ്ട്. |
| (ബി) | സാധാരണ തടവുകാരോടൊപ്പം കഴിയുന്ന ഇവർക്ക് ചികിത്സയും പ്രത്യേക പരിഗണനയും ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | മാനസിക വെല്ലുവിളികൾ നേരിടുന്ന തടവുകാരെ പ്രത്യേകം നിരീക്ഷിക്കുകയും ഡോക്ടറുടെ നിർദ്ദേശ പ്രകാരം മാനസികാരോഗ്യ കേന്ദ്രത്തിൽ അയച്ച് ചികിത്സയും കൗൺസിലിംഗും നൽകി വരുകയും ചെയ്യുന്നുണ്ട്. കൃത്യസമയങ്ങളിൽ ഡോക്ടറുടെ നിർദ്ദേശ പ്രകാരമുള്ള മരുന്നും ഭക്ഷണവും നൽകുന്നുണ്ട്. ഇത്തരത്തിലുള്ള തടവുകാരുടെ ചികിത്സാ വിവരങ്ങൾ തടവുകാരുടെ ബന്ധുക്കളേയും ബന്ധപ്പെട്ട കോടതികളെയും അറിയിക്കുകയും ചികിത്സയുടെ വിശദ റിപ്പോർട്ട് കോടതികളിൽ സമർപ്പിക്കുകയും ചെയ്യാറുണ്ട്. ചികിത്സ കഴിഞ്ഞു വരുന്ന തടവുകാരെ പ്രത്യേകം സെല്ലിൽ പാർപ്പിച്ച് മരുന്നും ഭക്ഷണവും നൽകി കൃത്യമായി നിരീക്ഷിക്കാറുണ്ട്. |
| (സി) | മനുഷ്യാവകാശ കമ്മീഷൻ ഇതു സംബന്ധിച്ച് സർക്കാരിനോട് റിപ്പോർട്ട് തേടിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്ത് നടപടികൾ | (സി) | 13.12.2017 തീയതിയിലെ മാതൃഭൂമി ദിനപത്രത്തിൽ 'മാനസിക വെല്ലുവിളി നേരിടുന്ന 88 വിചാരണ തടവുകാർ' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച വാർത്തയെ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | സ്വീകരിച്ചു ; വിശദാംശം നൽകുമോ ? | | സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും ജയിൽ വകുപ്പിനോട് റിപ്പോർട്ട് ആരായുകയും ചെയ്തു. 18.1.2018 തീയതിയിൽ ജയിൽ വകുപ്പ് മേധാവി കമ്മീഷന് മറുപടി സമർപ്പിച്ചു. ഈ വിഷയത്തിൽ താഴെപ്പറയുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്.<br>1) 2014-ൽ ജയിൽ വകുപ്പ് ജയിൽ സൂപ്രണ്ടുമാരിൽ നിന്നും ലഭ്യമാക്കിയ മാനസിക രോഗികളായ 88 തടവുകാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ സെൻട്രൽ ജയിലിലും ഓരോ മെയിൽ നേഴ്സിന്റെ സേവനവും ആഴ്ചയിലൊരിക്കൽ ഒരു സൈക്യാട്രിസ്റ്റിന്റെ സേവനവും നൽകുകയുണ്ടായി. പ്രസ്തുത ലിസ്റ്റ് പ്രകാരമുള്ള മാനസിക രോഗികളായ തടവുകാരെ പരിശോധിക്കുന്നതിന് 3 മേഖലകളിൽ 2 സൈക്യാട്രിക് ഡോക്ടർമാർ വീതം അടങ്ങുന്ന ഒരു ടീമിനെ നിയോഗിക്കുകയുണ്ടായി.<br>2) മാനസിക രോഗം ഭേദമായ ആരും ഏറ്റെടുക്കാനില്ലാത്ത തടവുകാരെ പുനരധിവസിപ്പിക്കുന്നതിന് ആശാഭവൻ പോലുള്ള ഒരു സ്ഥാപനം സ്ഥാപിക്കുന്നതിനുള്ള സാധ്യത ആരായുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി.<br>3) 07.10.2017-ന് സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു :- |

| | | | |
|---|---|---|---|
| | | | i) മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ചിട്ടുള്ള വിചാരണ തടവുകാരുടെ പരിശോധനാ റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ഗവൺമെന്റിന് സമർപ്പിക്കണം.<br>ii) മേൽപ്പറഞ്ഞ തടവുകാരിൽ പുനരധിവാസത്തിന് യോഗ്യതയുള്ളവർ എന്ന് ആരോഗ്യ വകുപ്പ് സാക്ഷ്യപ്പെടുത്തുന്നവരുടെ കേസ് പിൻവലിക്കുന്ന കാര്യം ആഭ്യന്തര വകുപ്പ് പരിശോധിച്ച് തീരുമാനം എടുക്കണം.<br>iii) ജയിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാരുടെ മാനസികാരോഗ്യ പരിചരണത്തിന് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാനായി സോഷ്യൽ ജസ്റ്റിസ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള സമിതിയെ ചുമതലപ്പെടുത്തി. |

സെക്ഷൻ ഓഫീസർ